(എഫ്) ക്യാൻസർ രോഗികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന റീജിയണൽ ക്യാൻസർ അസോസിയേഷന്റെയും മറ്റു സന്നദ്ധ സംഘടനകളുടെയും ധനസഹായത്തോടുകൂടി എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു വെയിറ്റിംഗ്ഷെഡ് ആർ.സി.സി.-യിൽ പൂർത്തിയായിവരുന്നു.

(ജി) ഇപ്പോൾ കൊല്ലം, കോഴഞ്ചേരി, പാലക്കാട്, കണ്ണൂർ, എറണാകുളം എന്നിവിടങ്ങളിൽ ആർ.സി.സി.-യുടെ പ്രാദേശിക കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവിടെ ക്യാൻസർ മുൻകൂറായി കണ്ടുപിടിക്കുന്നതിനും തുടർ പരിശോധനകൾക്കും സൗകര്യമുണ്ട്. ഈ സെന്ററുകളെ ടെലി മെഡിസിൻ സംവിധാനംവഴി ആർ.സി.സി.-യുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്.

(എച്ച്) ആർ.സി.സി.-യിലെ രോഗികൾക്കുള്ള ആഹാരം നൽകിവരുന്നത്, ഈ സെന്ററിൽ പ്രവർത്തിക്കുന്ന കൃാന്റീനിൽ നിന്നുമാണ്. വളരെ പാവപ്പെട്ട രോഗികൾക്ക് സൗജന്യ നിരക്കിൽ ആഹാരം നൽകുന്നുണ്ട്. കൂടാതെ പല സന്നദ്ധസംഘടനകളും, പാവപ്പെട്ട രോഗികൾക്ക് ആശുപത്രി കൃാന്റീനിൽ നിന്നുമുള്ള ആഹാരം പൂർണ്ണമായും സൗജന്യമായി എത്തിച്ചുകൊടുക്കുന്നതിന് ആർ.സി.സി.-യുമായി കരാർ ചെയ്തിട്ടുണ്ട്.

(ഐ) ക്യാൻസർ ചികിത്സ പൂർണ്ണമായും സൗജന്യമാക്കുവാൻ സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. എന്നാൽ ആർ.സി.സി.യിൽ ചികിത്സയ്ക്കെത്തുന്ന 46%-ത്തോളം രോഗികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ഇപ്പോൾത്തന്നെ സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും ക്യാൻസറിന് സൗജന്യ ചികിത്സ നൽകുന്നുണ്ട്.

കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ മഞ്ഞപ്പിത്തംമൂലം മരിച്ചവർ

51 [2402] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിലായി മഞ്ഞപ്പിത്ത രോഗബാധയേറ്റ് എത്ര പേർ കഴിഞ്ഞ 6 മാസത്തിനിടയിൽ മരണപ്പെട്ടിട്ടുണ്ട്;

(ബി) ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) മൂന്ന് പേർ മരിച്ചു.

(ബി) മേൽപ്പറയപ്പെട്ട മൂന്ന് മരണങ്ങളും കോട്ടയം ജില്ലയിൽ ആണ്.

LIBRARY ARCHIVES Kerala Legislative Assembly